(ബി) ഇപ്രകാരം ഗവൺമെന്റ് നിശ്ചയിച്ച വില നൽകാത്ത ഏജൻസികളുടെ മേൽ എന്തുനടപടി എടുക്കാനുദ്ദേശിക്കുന്നു;

(സി) സംസ്ഥാനത്തുനിന്നും എഫ്. സി. ഐ. നെല്ല് സംഭരിക്കുന്നതു സംബന്ധിച്ചു നടത്തിയ ചർച്ചകളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) അടുത്ത സീസൺ മുതലെങ്കിലും എഫ്. സി. ഐ. സംസ്ഥാനത്തു നിന്ന് നെല്ലുസംഭരണം നടത്തുമോ എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

(ബി) '(എ)' പിരിവിന്റെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) & (ഡി) കർഷകരിൽ നിന്ന് സഹകരണ സംഘങ്ങൾ, പാടശേഖര സമിതികൾ എന്നിവ സംഭരിച്ച നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങി അരിയാക്കി എഫ്. സി. ഐ.-ക്ക് നൽകി റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന പദ്ധതിക്ക് ഇതിനകം അനുമതി നൽകുകയും കോർപ്പറേഷൻ നെല്ല് സംഭരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ കരാറിലേർപ്പെട്ട മില്ലുകളിലൂടെ കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾക്കനുസരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. ഒരു കിലോ നെല്ല് അരിയാക്കുമ്പോൾ 680 ഗ്രാം എന്ന അനുപാതവും, നിഷ്ക്കർഷിച്ച ഗുണനിലവാരത്തിലുള്ള അരിയാക്കണമെന്നുള്ളതുമാണ് നിബന്ധനകളിൽ പ്രധാനമായവ.

നെല്ലുസംഭരണത്തിന് നടപടി

111 [413] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ കൊയ്ത്തിനുശേഷം നെല്ലിന് താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) നെല്ലു സംഭരണത്തിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനകം എന്തുമാത്രം നെല്ല് സംഭരിച്ചിട്ടുണ്ടെന്ന് പറയാമോ;

(ഡി) നെൽപ്പാടങ്ങളിലും മറ്റും കൂട്ടിയിട്ടിരിക്കുന്ന നെല്ല് ഇനിയും സംഭരിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നെല്ല് സംഭരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല കമ്മിറ്റികൾ സംഭരണ വില നിശ്ചയിക്കുക, സംഭരണ ഏജൻസികളെ നിയമിക്കുക, സംഭരണപ്രക്രിയ അവലോകനം ചെയ്ത് യഥാസമയം വേണ്ട നടപടികൾ സ്വീകരിക്കുക തുടങ്ങിയ കാര്യങ്ങൾ നിർവ്വഹിക്കുന്നു. സംഭരിച്ച നെല്ലിന് കിന്റലിന് 65 രൂപ നിരക്കിൽ കൈകാര്യചിലവും 10 രൂപ ഗോഡൗൺ ചാർജ്ജും നൽകുന്നു. കൂടാതെ കർഷകരിൽ നിന്ന് സഹകരണ സംഘങ്ങൾ, പാടശേഖര സമിതികൾ എന്നിവ സംഭരിച്ച നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങി അരിയാക്കി എഫ്. സി. ഐ.-ക്കു നൽകി റേഷൻകടകളിലൂടെ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിക്ക് അനുമതി നൽകുകയും കോർപ്പറേഷൻ നെല്ലു സംഭരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പുഞ്ച സീസണിൽ 110657.958 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്.

(ഡി) നെല്ല് സംഭരിക്കുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചു കഴിഞ്ഞു.

കൃഷി വികസനത്തിന് കേന്ദ്ര സഹായം

112 [414] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-02, 2002-03, 2003-04, 2004-05 എന്നീ വർഷങ്ങളിൽ കൃഷി വികസനത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ എന്തു തുക വീതം ചെലവഴിച്ചു;

(സി) ഇതേ കാലയളവിൽ കാർഷിക വികസനത്തിനായി കേന്ദ്രത്തിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) എന്തെല്ലാം പദ്ധതികൾക്ക് എന്തുതുക വീതം ധനസഹായമായി ലഭിച്ചിട്ടുണ്ട്;

(ഇ) കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക പൂർണ്ണമായും ഉപയോഗിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്ലാൻ

2001-2002	..	14454.03 ലക്ഷം രൂപ
2002-2003	..	17074.77 ലക്ഷം രൂപ
2003-2004	..	9564.35 ലക്ഷം രൂപ
2004-2005	..	13660.17 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly